# കൊമീറ്റസ്


വി.എം.സി.ഗവ. ഹയർ സെക്കന്ററി സ്കൂൾ

വണ്ടൂർ - മലപ്പുറം ജില്ല

04931 245100






ഡിജിറ്റൽ യുഗത്തിലാണ് നാം  ജീവിക്കുന്നത്.
സാങ്കേതികവിദ്യ  ജീവിതത്തിന്റെ സമസ്ത മേഖലകളിലും
പിടിമുറുക്കി കഴിഞ്ഞു. ഈ അവസരത്തിൽ വിദ്യാഭ്യാസരംഗം
അങ്ങനെയാകാതെ തരമില്ല. സാങ്കേതികവിദ്യയിലധിഷ്ഠിതമായ
വിദ്യാഭ്യാസമാണിന്ന് കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.
അതിന്റെ  ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന  ഈ ഡിജിറ്റൽ
മാഗസിൻ കുട്ടികളിലെ സാങ്കേതികവും സർഗാത്മകവുമായ
കഴിവിനെ പ്രോത്സാഹിപ്പിക്കുന്നു എന്ന് പ്രതീക്ഷിക്കുന്നു.

ഹെഡ്മിസ്ട്രസ്
ഖദീജ പനോലൻ



അജിത്ത്.പി
(SITC)



രാജ്ശ്രീ
(Kite Mistress)



പ്രമോദ്.ടി
(Kite Master)


കുട്ടികൾ നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസിൻ എന്നത് നമ്മുടെ വിദ്യാലയത്തിൽ ഒരു പുതിയ സംരംഭമാണ് .സർഗാത്മകതയും സാങ്കേതികതയും കൈകോർക്കുന്ന ഈ അസുലഭമുഹൂർത്തത്തിൽ ഇതിന്റെ അണിയറശിൽപ്പികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.



മനു.എം

ഹൈടെക് വിദ്യാഭ്യസത്തിലൂടെ കുട്ടികൾ നേടിയ അറിവുകൾ ഡിജിറ്റൽ മാഗസിനായി പുറത്തു വരുന്ന എന്നറിയുന്നതിൽ സന്തോഷമുണ്ട്. വി.എം സി യുടെ വിജയപ്രയാണത്തിൽ ഇതൊരു പ്രധാന നാഴികക്കല്ലായിരിക്കുമെന്നതിൽ സംശയമില്ല. ഇതിനു വേണ്ടി യത്നിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

വിദ്യാരംഗം കൺവീനർ



കാലത്തിനൊപ്പം സഞ്ചരിക്കുന്നവരാണ് പുതിയ തലമുറ.
കാലത്തിന്റെ മാറ്റങ്ങൾ ആദ്യം ഉൾക്കൊള്ളുന്നതും സന്നദ്ധമാവുന്നതും പുതുതലമുറയിൽ പെട്ടവരാണ്.
ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ നിർമിക്കുക എന്ന ദൗത്യം ഏറ്റെടുക്കുമ്പോൾ ഒട്ടും  ആശങ്കയുണ്ടായിരുന്നില്ല.
ക്ലബ്ബംഗങ്ങളുടെ നിസ്സീമമായ സഹകരണം  നിർലോഭമായിലഭിച്ചു .
സൃഷ്ടികൾ തന്നു സഹായിച്ച കൂട്ടുകാരെ നന്ദിയോടെ സ്മരിക്കുന്നു.
സദാസമയവും സ്നേഹവും ഉപദേശവും നൽകിയ അധ്യാപകരോടുള്ള കടപ്പാട് അളവറ്റതാണ്.
ഞങ്ങളുടെ കൊച്ചനുജന്മാർക്കും അനുജത്തിമാർക്കും ഇതൊരു പ്രചോദനമാണെന്ന് പ്രതീക്ഷിക്കുന്നു.
ആദ്യ സംരംഭമെന്ന നിലയിൽ വന്നു കൂടിയേക്കാവുന്ന ന്യൂനതകൾ മറക്കുന്നില്ല.
എല്ലാ ഘട്ടത്തിലും തുണയായി നിന്നവർ അവയും ഉൾക്കൊള്ളുമെന്ന് പ്രതീക്ഷയോടെ....

ഷാനിദ്.പി
എഡിറ്റർ

## ഉള്ളടക്കം

മനുഷ്യജീവിതം......6
ദാഹിച്ച വലഞ്ഞ കുരങ്ങൻ......7
തേങ്ങുന്ന ഓർമകൾ......9
മുയലാശാനും കുറുക്കനും......13
MOTHER......15
MY MOM......17
അമ്പിളി......18
The Six Letters......19
The Flood......20
മാപ്പുതരൂ ധരണി......22
വന്നിതാ കേരളക്കരയാകെ ഞെട്ടിച്ച......22

# മനുഷ്യജീവിതം



കണ്ണീരു കൊണ്ടുള്ള മതിലുകൾ കണ്ടു ഞാൻ
വിശപ്പിൻ വഴികൾ നേർക്കുനേർ കണ്ടു ഞാൻ,
എനിക്കു നേർ അട്ടഹാസങ്ങളും ക്രൂരതകളും
പൊങ്ങിവന്നു....... പൊങ്ങിവന്നു.......

എൻ ഏകാഗ്രത നിനക്കു കിട്ടുവോളം
ക്ഷമയില്ലെനിക്കു  ക്ഷമയില്ലാ...
അക്ഷമയിൽ പൂണ്ട എൻ ഹൃദയം
ഉയർത്താൻ കഴിയുന്നില്ലെനിക്ക്.

ജീവിത ശൈലിയിൽ മാറ്റം വന്നു
സംസാര ശൈലിയിലും മാറ്റം വന്നു,
ഈ മാറ്റത്തിൽ വീണ എല്ലാ മനുഷ്യരും
മാറി പോയി ആകെ മാറി പോയി .

നല്ല മനസ്സുള്ള ആർക്കെങ്കിലും
ജീവിക്കാൻ കഴിയുന്നുണ്ടോ ഇന്ന് ?

മുഹമ്മദ് ഫിയാസ്-എൻ
ക്ലാസ് :9-k

# ദാഹിച്ച വലഞ്ഞ കുരങ്ങൻ

ഒരിക്കൽ ഒരു കുരങ്ങൻ ദാഹിച്ച വലഞ്ഞു വരുകയായിരുന്നു അപ്പോൾ ഒരു കുതിര അതു വഴി വന്നു.അപ്പോൾ അവർ രണ്ടുപേരും കണ്ടുമുട്ടി ചങ്ങാതിമാരായി.എന്നിട്ടവർ രണ്ടുപേരും വയറുനിറയെ വെള്ളമൊക്കെ കുടിച്ച് രണ്ടുപേരും അവരുടെ വീട്ടിലേക്ക് പോയി.പിറ്റേ ദിവസം കുതിര തന്റെ ചങ്ങാതിയായ കുരങ്ങന്റെ അടുത്തേക്ക് പോയി.അപ്പോൾ കുരങ്ങൻ ഒരു മരത്തിന്റെ ചുവട്ടിൽ ദാഹിച്ച ഒരടി പോലും നടക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു.അപ്പോൾ കുതിര അതന്റെ അടുത്തെ ത്തി.എന്നിട്ട് ചോദിച്ചു "അല്ല ചങ്ങാതി നീ എന്താ ഇവിടെ ഇരിക്കുന്നത് ? " "ക്ഷീണം കൊണ്ടാ ചങ്ങാതീ,ഒരടിനടക്കാൻ പോലും നടക്കാൻ കഴിയുന്നില്ല ചങ്ങാതീ നല്ലവണ്ണം വിശപ്പും ഉണ്ട്".അപ്പോൾ കുതിര പറഞ്ഞു "നീ എന്റെ പുറത്ത് കേറിക്കോളൂ",അപ്പോൾ കുരങ്ങൻ അത്ഭുതപ്പെട്ടു ചോദിച്ചു "പുറത്തു കേറാനോ,അത് ബുദ്ധിമുട്ടാവില്ലേ? " "നിന്റെ ഇങ്ങനെയുള്ള അവസ്ഥ കണ്ടിട്ട് ഞാൻ നിന്നെ നോക്കി പോകാനോ".ഇതു കേട്ടപ്പോൾ കുരങ്ങൻ കുതിരയുടെ പുറത്തു കേറാൻ തീരുമാനിച്ചു.കുതിര ഇരുന്നു അപ്പോൾ കുരങ്ങൻ കുതിരയുടെ പുറത്തു കേറി.എന്നിട്ട് കുരങ്ങൻ കുതിരയുടെ പുറത്ത് ഇരുന്ന് സന്തോഷത്തോടെ യാത്ര ചെയ്തു.

രചന:മുഹമ്മദ് ഹാഷിം.ടി
ക്ലാസ് :9



**ലാമിഹ് ലിയാഖത് അലി 9.I**





# തേങ്ങുന്ന ഓർമകൾ

സൂര്യന്റെ രശ്മിതൻ വരവോടുകൂടിയീ
ദൈവത്തിൻ നാട്ടിൽ വെളിച്ചമെത്തി
സത്യവും ,കരുണയും ,നീതിയും ,ധർമവും
കാത്തു സൂക്ഷിക്കാൻ മറന്നുപോയി

അമൃത.കെ 9A

ജനനിയെ നമ്മുടെ മാതൃഭൂമിയെ
മലിനപ്പെടുത്തിയവർ നാശമാക്കി
മലകളും ,പുഴകളും ,വയലുകളുമിന്നിവിടെ
ദീർഘനിശ്വാസം വലിച്ചിടുന്നു!

മനുഷ്യന്റെ കർമ്മങ്ങൾ കണ്ടുനിൽക്കെ -
യെന്റെ ഭൂമിയാം ദേവകരഞ്ഞു പോയി.
ആ ചുടുകണ്ണുനീർ ഭൂമിയെയത്രയും
മഴയെന്നപോലെ നനച്ചിരുന്നു !

ജനനിതൻ കണ്ണിലെ കോപവും,ദു:ഖവും
ആളിപ്പടർന്ന് ജ്വലിച്ചുനിന്നു.
പിന്നെയും പിന്നെയും സഹികെട്ടയവളുടെ
രോഷമിരട്ടിയായ് പ്രളയമായി !

സമ്പത്തു മുഴുവനും ഒലിച്ചുപോയൊട്ടു -
വിലീ മാനവർ മാത്രം ബാക്കിയായി.
ജാതിയുമില്ല മതവുമില്ലേവരും പ്രാണ -
ജലം തേടിയോടിടുന്നു !

ദുരിതത്തിലാണ്ടു പോം ജനങ്ങൾക്കാ -
യൊരുപറ്റം സഹജീവികൾവന്ന് രക്ഷയേകി.
മൃതിയുടെ ഇരുട്ടിൽ നിന്നോരോ മനുജനും
പ്രത്യാശതൻ ചിറകിൽ നൃത്തമാടി !





സന പി.9K






Asrar A 6B


# മുയലാശാനും കുറുക്കനും



ഒരിടത്തൊരിടത്ത് ഒരു കുറുക്കനും മുയലും ഉണ്ടായിരുന്നു. മുയൽ നന്നായി കൃഷിചെയ്യും എന്നാൽ കുറുക്കന് കൃഷിചെയ്യാൻ ഭയങ്കര മടിയാണ്.മുയലാണ് കുറുക്കന്റെ സ്ഥിരം ആശാൻ.മുയൽ എന്നും കിഴങ്ങുവർഗ്ഗങ്ങളും ധാന്യങ്ങളുമാണ് കഴിക്കുന്നത്. എന്നാൽ കുറുക്കൻ വെറും ഫാസ്റ്റ്ഫുഡ് മാത്രമാണ് കഴിക്കുകയുള്ളൂ. ഒരുദിവസം കുറുക്കന് സുഖമില്ലാതായി കുറുക്കനെ കാണാനായി മുയലാശാൻവന്നു.എന്നിട്ട് കുറുക്കനോട് ചോദിച്ചു നീ എന്നും എന്താണ് കഴിക്കുന്നത്.അപ്പോൾ കുറുക്കൻ പറഞ്ഞു ഞാൻ എന്നും ഫാസ്റ്റ്ഫുഡ് മാത്രമാണ് കഴിക്കുന്നത്. അപ്പോൾ മുയലാശാൻ പറഞ്ഞു വെറുതെയല്ല നിനക്ക് സുഖമില്ലാത്തത്.വല്ലപ്പോഴും കിഴങ്ങുവർഗങ്ങളും ധാന്യങ്ങളും കഴിക്കണം. എന്നാൽ നിന്റെ അസുഖങ്ങൾ മാറി നീ നല്ല ഉശിരുള്ളവനാവും. ആശാനേ... ആശാൻ

പറഞ്ഞത് സത്യമാണോ? തീർച്ചയായും മോനേ.. എന്നാൽ ഞാൻ ഇന്നുമുതൽ നല്ലവണ്ണം കിഴങ്ങുവർഗ്ഗങ്ങളും ധാന്യങ്ങളും കഴിച്ചു തുടങ്ങാം. ഇങ്ങനെ പറഞ്ഞാൽ മാത്രം പോര എന്നെ ചെയ്തു കാണിക്കണം എന്നാൽ ഞാൻ ഒരുകാര്യം പറയട്ടെ. ഞാൻ ഇന്നു മുതൽ ആശാന്റെ വീട്ടിലേക്കുവരാം. ശരി മോനെ നീ എന്റെ വീട്ടിൽ വരുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. അങ്ങനെ കുറുക്കൻ നല്ലവണ്ണം കൃഷിചെയ്തു തുടങ്ങി. അങ്ങനെ മുയലാശാനും കുറുക്കനും സുഖമായി ജീവിച്ചു. അങ്ങനെ മുയലാശാന് വയസ്സായി ഒരു രോഗം പിടിപെട്ടു. ഇതു കണ്ടപ്പോൾ കുറുക്കന് സഹിച്ചില്ല. കുറുക്കൻ വൈദ്യരെ വിളിക്കുന്നതിന് മുൻപ് തന്നെ മുയലാശാൻ മരിച്ചിരുന്നു. ഇതു കണ്ട കുറുക്കൻ മരിച്ചുപോയി. അങ്ങനെ കുറുക്കനും മുയലാശാനും സ്നേഹിച്ചു വളർത്തിയ കൃഷി വാടി പോയി.

ഗോപിക.ടി 6B



# MOTHER

*When you're a child she walks before you*

*To set an example*

***when you're a teenager she walks behind you;***

*To be there ,should you need her?*

***when you're an adult she walks beside you;***


*So that as two friends you can enjoy life-*

*together ..........*

*Shamil . AM*



അബിൻ കൃഷ്ണൻ .6B



# MY MOM



*The world ,I believed*
*which is beyond love;*
*And she is a miracle,*
*whom God blessed for me.*
*There is no one to replace*
*in my heart,to whom with i fall in love.*
*And my mom is my greatest gift,I*
*received by my Goodness.*
*My world, my dream,my love*
*my life,my happiness and everything*
*till I live in this World.*

*Adithya Das. P*
*9 K*

# അമ്പിളി

മാനം നോക്കും അമ്പിളിയേ
എന്തൊരു ചന്തം അമ്പിളിയേ
ആരു പടച്ചു അറിയാമോ?

താടിയും മുടിയും പോകാതെ
ഒരു പരുക്കകളും ഇല്ലാതെ
പുലരും സമയത്ത് കാണാതെ

അങ്ങ് വരുന്ന സന്ധ്യകളിൽ
നിലാവു കൂടെ പോന്നീടും
*എന്തൊരു ചന്തം അതിനെല്ലാം.*

*നാബിദ് സി.കെ*

# The Six Letters



*The six letters I trust*
*makes the world as a colourful nest;*
*The whole world says,*
*it will be the best.*
*As a truth, we always believed;*
*The six letters as a miracle*
*which I received by love.*
*The twinkling stars;*
*which fulfils my happiness*
*Like the six letters*
*my 'FRIEND'.........*

*Febi Parvin T P*
*9K*

# The Flood



Sorry,Sorry,I am the one who
make the flood.
I adorn the field and the valleys
of earth so heavily.

The God order me to rain
heavily because of the crimes
in the earth fulfilled the crime room.

You can make your world
so beautiful and peaceful
with arising the crimes
from the earth.
The God was angry
But now he is so happy
When you donate all your wealth
You become "the best" person
In the world.

*Muhammed Fiyas. N*

ഫിദ ,സി.ടി 6B







# മാപ്പുതരൂ ധരണി...

വന്നിതാ കേരളക്കരയാകെ ഞെട്ടിച്ച
ഭീതിതൻ നിദ്രകൾ തീർത്തു മഴ
കാറ്റായി വന്നു പേമാരിയായ് തീർന്നു
നാടെങ്ങും വെള്ളത്തിലാഴ്ത്തി മെല്ലെ

മാനുഷ വർഗത്തിൻ ക്രൂരതയിൽ
ദുഃഖിച്ചു നിൽപ്പിന്നിതെന്റെ ഭൂമി
ഭൂമിതൻ വേദന രോദനമായ് കേട്ട്
കോപിച്ചു നിൽക്കുന്നു മഴയും പ്രകൃതിയും

സ്വാർത്ഥതൻ അന്ധകാരഗർത്തത്തി-
ലാണ്ടൊരീ മാനുഷവർഗത്തെ
താങ്ങി നീ നിൽക്കെ
അറിയുന്നു നിൻെറയീ യാതനകൾ
ഞങ്ങൾ അറിയാത്ത പോലെ നടിച്ചിടുന്നു.

ഒരുമതൻ പാലം സൃഷ്ടിച്ച ഞങ്ങൾ
പതറാതെ മുന്നോട്ടു നീങ്ങിടുമ്പോൾ
അന്നേരം പേടിതൻ തടസ്സങ്ങൾ
സൃഷ്ടിച്ചു മെല്ലെ നീ
ഓരോ പരീക്ഷയേകി

മാപ്പുതരൂ അമ്മേ മാപ്പുതരു
നിന്റെ മക്കളാം ഞങ്ങൾക്കു മാപ്പുതരൂ
ജീവനുവേണ്ടി പോരാടിയ ഞങ്ങൾക്കു

നീയൊരു പാഠം കാഴ്ചവച്ചു
മാപ്പുതരൂ അമ്മേ മാപ്പുതരൂ
നിന്റെ മക്കളാം ഞങ്ങൾക്കു മാപ്പുതരൂ......

ശ്രീന.കെ
9A









***പ്രളയാനന്തര കേരളം സർഗ്ഗാത്മകമായി ചിന്തിക്കുകയാണ്.***
***ഈ യാത്ര പുനർനിർമ്മിതിയുടേത് കൂടിയാണ്***
***നന്ദി..***